# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2410

### 08.03.2017 ലെ മറുപടിയ്ക്ക്

### ട്രഷറികളെ ഓൺലൈൻ ആക്കുന്ന പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.ടി. ബൽറാം** | | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി. എം. തോമസ് ഐസക്ക്** |
| (എ) | സംസ്ഥാന ട്രഷറികളെ ഓൺലൈൻ ആക്കുന്ന പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന ട്രഷറികളെ ഓൺലൈനാക്കുന്ന പ്രവർത്തനം പൂർത്തിയായി. ആയതിന്റെ സംസ്ഥാനതല ഉത്ഘാടനം 23.2.2017 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. |
| (ബി) | സർക്കാരിന്റെ സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുന്നതിനും പ്രവർത്തനം എളുപ്പമാക്കുന്നതിനും ഓൺലൈൻ സംവിധാനം എത്രമാത്രം സഹായകരമായി എന്ന് വെളിപ്പെടുത്താമോ; | സുഗമമായ ഇടപാട് ഉപഭോക്താക്കൾക്ക് നൽകുക, സർക്കാർ ഇടപാടുകളിൽ സുതാര്യത ഉറപ്പ് വരുത്തുക, സമയ ബന്ധിതമായ സേവനം നൽകുക, കടലാസ് രഹിത പണ രഹിത ഇടപാടുകൾ സാധ്യമാക്കുക, ഫലപ്രദമായ ധനകാര്യ പരിപാലനം നടപ്പിലാക്കുക, ധനകാര്യ ഇടപാടുകളെ സംബന്ധിച്ച് ഏറ്റവും കൃത്യമായ വിവരങ്ങൾ ലഭ്യമാക്കി നിർവ്വഹണ ശ്രേണിയുടെ ഉത്തരവാദിത്വം ഉറപ്പാക്കുക തുടങ്ങിയ രീതിയിൽ ഇ-ഗവർണൻസ് നടപ്പിലാക്കുന്നതിന് ഓൺലൈൻ സംവിധാനം സഹായിച്ചിട്ടുണ്ട്.<br><br>റവന്യൂ മാനേജ്മെന്റിന് പത്തു ബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസാക്കാനുള്ള Core TIS, ബജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റു ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആന്റ് മീൻസിന് WAMS, ഏതു ട്രഷറി വഴിയും ഇടപാടുകൾ സാധ്യമാക്കുന്ന CORE BANKING എന്നിങ്ങനെയുള്ള ആധുനികമായ സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന സംയോജിത ധനകാര്യ മാനേജ്മെൻറ് സംവിധാനം (IFMS) നടപ്പിലാക്കുന്നതിനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ഈ സംവിധാനം നടപ്പിലാക്കുന്നതിന് എത്ര കോടി രൂപ ഇതുവരെ ചെലവായി എന്ന് അറിയിക്കാമോ? | ഇതുവരെ 22 കോടിയോളം രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ